# Chicago Knanaya Catholic Parish Bulletin

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053
January 2, 2011, Vol. 6, Issue 15
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm




മേവുഡ് തിരുഹൃദയ ദൈവാലയത്തിൽ

## വി. എസ്തപ്പാനോസിന്റെ തിരുന്നാൾ

ജനുവരി 2 ഞായറാഴ്ച രാവിലെ 10:00ന്.

പ്രസുദേന്തിമാർ: കുറുമുള്ളൂർ ഇടവകയിൽനിന്നുള്ളവർ

# Happy New Year 2011!



Fr. Abraham Mutholath inaugurating Youth Ministry at St. Mary's Church after seminar by Fr. Roy Kaduppil.



Special class for First Communion students at Maywood.



Sacred Heart Church representatives handing over gift to Fr. Jose Illikunnumpurath on his transfer to Houston mission.





Photos left and above: X'mas Celebration of St. Alphonsa Koodara Yogam.

## STAFF

Pastor: Fr. Abraham Mutholathu Jacob
(773) 412-6254 (cell)
mutholath2000@yahoo.com
*www.knanayaregion.us/chicago*
For a list of Voluntary Staff / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. at Maywood and Morton Grove and 5:30 P.M. at Morton Grove.
English Mass at 11:40 A.M. at Maywood and Morton Grove.
MONDAY - FRIDAY 7:00 P.M. Morton Grove.
FRIDAY 7:00 P.M. at Maywood.
SATURDAY 10:00 A.M. at Maywood and Morton Grove.

## RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:15 A.M. at Maywood and Morton Grove.

## SACRAMENT OF RECONCILIATION (CONFESSION)

First and Third Sundays during Mass at Maywood.
Second and Fourth Sundays during Mass at Morton Grove.
Thursdays during 7:00 P.M. Mass at Morton Grove.

## ADORATION

ALL: First Fridays after Mass at both churches.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at Morton Grove.
St. Michael 3rd Friday of the month after 7:00 P.M. Mass at Maywood.

## PRAYER GROUP

Sundays after 10:00 A.M. Mass at both churches.

## ROSARY

Monday - Friday at 6:30 P.M. at Morton Grove.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at Maywood.

## LEGION OF MARY

1st and Third Saturdays after 10:00 A.M. Mass at Maywood.
Every Thursday after 7:00 P.M. Mass at Morton Grove.




January 2011

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | 31 | | | | | |

### FRIDAY, DECEMBER 31, 2010

**End of the Year.**
**The Devine Motherhood of Mary**
Year End Prayer Service with Holy Mass and adoration at Maywood at 7:00 P.M. and Morton Grove at 8:30 P.M.

### SATURDAY, JANUARY 1, 2011

**New Year Day.**
**Holy Name of Jesus (Circumcision)**
New Year Prayer Service with Holy Mass, novena and adoration at Maywood and Morton Grove at 10:00 A.M.

### SUNDAY, JANUARY 2, 2011

**Second Sunday of Nativity**
Feast Celebration of St. Stephen at Maywood at 10:00 A.M. sponsored by parishioners from Kurumulloor.
Holy Mass at Morton Grove at 10:00 A.M.
No Religious Education Classes and no English Mass at both churches today.
Bible Quiz Competition at Sacred Heart Religious Education School from 11:30 A.M. to 1:00 P.M.
5:30 P.M. Malayalam Mass at Morton Grove.

### MONDAY, JANUARY 3, 2011

**Blessed Kuriakose Elias of Chavara**
Holy Mass at Morton Grove at 7:00 P.M.

### TUESDAY, JANUARY 4, 2011

Holy Mass at Morton Grove at 7:00 P.M.

### WEDNESDAY, JANUARY 5, 2011

Holy Mass at Morton Grove at 7:00 P.M.

## SEASON OF EPIPHANY

### THURSDAY, JANUARY 6, 2011

**The Feast of Epiphany**
Important feast day and a day of obligation. In those places where today is not a holiday, all those who can are requested to participate in the Holy Qurbana and other liturgical ceremonies.
Episcopal ordination of Mar Varkey Cardinal Vithayathil (1997) and Mar Mathew Moolakkatt (1999)
Holy Mass and Novena at Morton Grove at 7:00 P.M.

### FRIDAY, JANUARY 7, 2011

First Friday.
**St. John of Baptist**
Holy Mass and Adoration at Maywood (St. Sebastian Koodara Yogam) and Morton Grove at 7:00 P.M.

### SATURDAY, JANUARY 8, 2011

Death Anniversary of Mar Alexander Choolaparambil (1951).
Holy Mass and Novena at Maywood and Morton Grove at 10:00 A.M.

### SUNDAY, JANUARY 9, 2011

First Sunday of Epiphany
Syro-Malabar Mission Sunday.
Feast Celebration of Blessed Chavara Kurakose Elias at Maywood at 10:00 A.M.
Holy Mass at Morton Grove at 10:00 A.M.
Religious Education Classes at 10:00 A.M. at Maywood and Morton Grove.
English Mass at Maywood and Morton Grove at 11:40 A.M.
5:30 P.M. Malayalam Mass at Morton Grove.

### MONDAY, JANUARY 10, 2011

Holy Mass at Morton Grove at 7:00 P.M.



# വികാരിയുടെ സന്ദേശം

## നവവത്സരത്തിൽ പുനഃസംഘടിപ്പിക്കുന്ന കൂടാരയോഗങ്ങൾ

എന്റെ പ്രിയ സഹോദരങ്ങളേ,

പുതുവത്സരത്തിന്റെ ആശംസകൾ ഏവർക്കും നേരുന്നു. പഴയതിന്റെ നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് നന്മയുടെ പൂർണ്ണതയായ ദൈവത്തിലേയ്ക്കു വളരുവാൻ നമ്മുടെ പള്ളികളിലെ വർഷാവസാന വർഷാരംഭ പ്രാർത്ഥനകൾ നമ്മെ സഹായിക്കും. കോട്ടയം അതിരൂപതയുടെ ശതാബ്ദിയിലും ഷിക്കാഗോ സീറോമലബാർ രൂപതയുടെ ദശാബ്ദിയിലും എത്തിനില്ക്കുന്ന 2011, കൂടുതൽ സഭാത്മകമായി വളരുവാൻ നമ്മെ സഹായിക്കട്ടെയെന്നു പ്രത്യാശിക്കുന്നു.

നമ്മുടെ ആയുസ്സിൽ ഒരു വർഷം കുറഞ്ഞതിൽ നാം ദുഃഖിക്കേണ്ട. നാം ലക്ഷ്യം വച്ചിരിക്കുന്ന സ്വർഗ്ഗരാജ്യത്തോട് കൂടുതൽ അടുക്കുന്നതിൽ സന്തോഷിക്കുകയാണ വേണ്ടത്. നന്മകൾ ചെയ്ത് ദൈവത്തോട് അടുക്കുവാൻ നമ്മുടെ ആയുസ്സ് നീട്ടിത്തരുന്ന സർവ്വശക്തനോടു വിശ്വസ്തത പുലർത്തി കൂടുതൽ സ്നേഹ ശുശ്രൂഷയ്ക്കു തയ്യാറാകുവാൻ ഈ ശതാബ്ദി വർഷത്തിൽ നമുക്കു പരിശ്രമിക്കാം.

പ്രവാസി ക്നാനായക്കാരുടെ പ്രഥമ ഇടവക ദൈവാലയമായ സേക്രഡ് ഹാർട്ട് പള്ളിയും ഏറ്റവും ജനപങ്കാളിത്തമുള്ള സെന്റ് മേരീസ് പള്ളിയും ഷിക്കാഗോയിൽ ഉണ്ടായതിൽ നമുക്കു സന്തോഷിക്കാം; ദൈവത്തിനു നന്ദി പറയാം. സഭാപരമായി പ്രാദേശിക അതിരുകൾ തിരിച്ച, പൂർണ്ണവും വ്യതസ്തവുമായ ഇടവകകളാണ് ഇവയെങ്കിലും സയാമീസ് ഇരട്ടകൾ പോലെ പൂർണ്ണമായി വേർപെടാതെയാണ് ഇവ കഴിയുന്നത്. ഇല്ലിനോയി സംസ്ഥാനത്തിന്റെ 90 എക്സ്പ്രസ് വേയ്ക്ക് വടക്കും തെക്കുമാണ് രണ്ട് ഇടവകകളെയും വേർതിരിക്കുന്ന അതിരെങ്കിലും ഈ പരിണാമഘട്ടത്തിൽ ആർക്കും ഇവയിൽ ഏതു പള്ളിയിലും സഹകരിക്കാമെന്ന നിലപാടാണ് ഇപ്പോഴുള്ളത്. അത് കുറേനാൾ തുടരുന്നതാണ്.

ഷിക്കാഗോയിലെ ക്നാനായ സമൂഹം ഔദ്യോഗികമായി രണ്ട് ഇടവകകളായതിന്റെ പശ്ചാത്തലത്തിൽ നമ്മുടെ കൂടാരയോഗങ്ങൾ 2011 ജനുവരി ഒന്നു മുതൽ പുനഃസംഘടിപ്പിച്ചിരിക്കുകയാണ്. കൂടാര യോഗങ്ങളുടെ കേന്ദ്രതല കോർഡിനേറ്റർമാർ തയ്യാറാക്കിയ ലിസ്റ്റ് മുൻ ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ചിലർ അതിൽ അതൃപ്തി അറിയിക്കുകയുണ്ടായി. ആർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്തവിധം, പരാതികൾ പരിഗണിച്ച് ഉചിതമായ പുനഃക്രമീകരണങ്ങൾ പള്ളിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

കൂടാര യോഗങ്ങൾ പ്രാർത്ഥനയ്ക്കുള്ള പ്രാദേശിക അയൽക്കൂട്ടങ്ങളാണ്. ആ നിലയിൽ ഏത് ഇടവകയിൽ സഹകരിക്കുന്നവരായാലും, പ്രാദേശിക കൂടാര യോഗങ്ങളിൽ സഹകരിക്കുവാൻ സന്നദ്ധരാകണം. അപ്പോഴാണ് നാം സാമുദായിക ഐക്യവും സ്നേഹവും ഉള്ളവരാകുന്നത്.

കൂടാരയോഗങ്ങളിൽ പങ്കെടുക്കേണ്ട കുടുംബങ്ങളുടെ എണ്ണം കഴിവതും കുറഞ്ഞിരിക്കണം. അതിനു പല കാരണങ്ങളുണ്ട്: (1) അപ്പാർട്ട്മെന്റിലോ ചെറിയ വീടുകളിലോ താമസിക്കുന്നവർക്കും തങ്ങളുടെ വസതികളിൽ കൂടാരയോഗങ്ങൾ നടത്തുവാൻ കഴിയണം. (2) വൈദികർക്കും സിസ്റ്റേഴ്സിനും ഇടവകക്കാരുമായി പരിചയം പുതുക്കുവാനും എല്ലാവർക്കും കൂടുതൽ അടുത്ത് ഇടപഴകുവാനും സഹായിക്കും. (3) കൂടുതൽ പേർക്ക് കൂടാരയോഗങ്ങളിലും ഇടവക പ്രവർത്തനങ്ങളിലും പങ്കാളിത്തം ലഭിക്കും. അതിനാൽ നാളിതുവരെ സജീവമായി നടന്ന കൂടാരയോഗങ്ങൾ പുനഃസംഘടിപ്പിക്കുന്നതിൽ വൈമനസ്യം പ്രകടിപ്പിക്കാതെ ചെറിയ കൂടാരയോഗങ്ങളായി മാറുവാൻ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പുനഃസംഘടിപ്പിക്കപ്പെട്ട കൂടാരയോഗങ്ങളുടെ താല്ക്കാലിക കോർഡിനേറ്റർമാർ നേതൃത്വമെടുത്ത് അടുത്ത മാർച്ച് 31നു മുമ്പായി കൂടാരയോഗം കൂടി ഭാരവാഹികളെയും ഇടവക പ്രതിനിധികളെയും തെരഞ്ഞെടുക്കണം.

സംയുക്ത ഇടവക ദിനാഘോഷം, പ്രധാന തിരുന്നാൾ, ഇടവകാംഗങ്ങളുടെ സർവ്വേ നവീകരിക്കൽ, മാസാദ്യ വെള്ളിയാഴ്ചയിലെ ആരാധന, 12 മണിക്കൂർ ആരാധന, ബോധവല്ക്കരണ പരിപാടികൾ തുടങ്ങിയവയ്ക്ക് ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതാണ്. ഇടവകയിലെ വൈദികർക്കും സിസ്റ്റേഴ്സിനും ഭവന സന്ദർശനം നടത്തുന്നതിനും ഇടവകാംഗങ്ങളുമായി കൂടുതൽ ഇടപഴകുന്നതിനും, പരസ്പരം ആശയവിനിമയം സ്വതന്ത്രമായി നടത്തുന്നതിനും ഈ സംവിധാനം സഹായിക്കും. സ്വന്തം ഇടവക പള്ളിയിൽ പതിവായി വരുവാൻ വിമുഖത കാണിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെ കൂടാര യോഗങ്ങളിലേയ്ക്കും അതുവഴി ഇടവക പള്ളിയിലേയ്ക്കും ക്ഷണിച്ച് പങ്കാളികളാക്കുവാൻ ഈ സംവിധാനം സഹായിക്കും.

കുട്ടികളുടെയും യുവതീയുവാക്കളുടെയും പങ്കാളിത്തം സജീവമാക്കുവാൻ അവർക്ക് ഇംഗ്ലീഷിലായിരിക്കും കൂടാരയോഗ പ്രാർത്ഥനകൾ നടത്തുക. കുട്ടികളും മാതാപിതാക്കളുമായി സൗഹൃദ സംവാദം നടത്തി പരസ്പരം മനസ്സിലാക്കുവാനും ബന്ധങ്ങൾ മെച്ചപ്പെടുത്തുവാനും വേദിയൊരുക്കുന്നതാണ്. കുടുംബ ജീവിതം മെച്ചപ്പെടുത്തുവാനുപകരിക്കുന്ന ചർച്ചകൾക്കും വേദിയൊരുക്കുന്നതാണ്.

### നുറുങ്ങുവെട്ടം

**കൂടാരയോഗങ്ങൾ**
**വളരുംതോറും പിളരുകയും**
**പിളരുംതോറും വളരുകയും**
**ചെയ്യുമ്പോഴേ ഇടവക വളരൂ.**



*(Continued from page 3)*

ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള കോർഡിനേറ്റർമാരും ഇടവകകൾക്കു പൊതുവായുള്ള കോർഡിനേറ്റർമാരും വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം കഴിയുന്നത്ര കൂടാരയോഗങ്ങളിൽ പങ്കെടുക്കുന്നതാണ്. നമ്മുടെ രൂപതകളുടെ ശതാബ്ദിയും ദശാബ്ദിയും തികയുന്ന ഈ 2011ൽ കൂടാരയോഗങ്ങൾ വഴി നമ്മുടെ കൂട്ടായ്മയും ഇടവക സംവിധാനവും മെച്ചപ്പെടുത്തുവാൻ നമുക്ക് തയ്യാറാകാം. അതിന് ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്

# Season of Epiphany

The word Epiphany in Syriac is known as 'Denha'. It means 'dawn''revelation' 'manifestation' etc. In this season, the Church recalls the public life of Jesus which began with his baptism at Jordan. Jesus reveals Himself to the world; Father and the Holy Spirit witness to it: ' This is my beloved Son, with whom I am well pleased' (Mt. 3:7).

The Feast of Denha which is celebrated on 6th January is called 'Pindikuthiperunnal' by faithful who live in the northern part of Kerala and 'Rakkuli' by people of the south. 'Pindikuthiperunnal' originated from the practice of going around the 'vazhapindi' decorated with lights and singing 'God is light' commemorating Jesus the light of the world. The name 'Rakkuli' came from the ritual bath that our forefathers used to have in the river or pool near by, on the eve of the feast. It was a religious ceremony.

The most important themes commemorated during these days are the baptism of Jesus, His public life, His divine and human nature, His intimate relation with the Father and the Holy Spirit and his self-emptying love. In this season the readings chosen are mainly connected with the public life of Jesus. This period reminds us of the baptism of Jesus and our own baptism and the responsibilities we have undertaken with it. Hence, let us strive hard to know Him more intensely and to live like the children of God during this season.

## ഈ വർഷത്തെ വാർഷിക സംഭാവന നല്കിയോ?

നമ്മുടെ ഇടവകകളുടെ സേവനത്തിലൂടെ നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ഏറെ നന്മകൾ ലഭിക്കുന്നുണ്ടല്ലോ. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ സ്വന്തമായ സംവിധാനങ്ങൾ ഏറെ സഹായിക്കുന്നുണ്ട്. നമ്മുടെ ഇടവകയുടെ വികസന പ്രവർത്ത നങ്ങൾക്കു വേണ്ടി ഈ വർഷത്തെ വാർഷിക സംഭാവന 240 ഡോളർ നല്കാത്തവർ ഈ മാസംതന്നെ നല്കി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.



# Bible Quiz competition

Sacred Heart Knanaya Catholic Religious School is conducting a Bible Quiz Competition for Students. There will be three age groups and no more than 7 teams per group. The topic and Category details are as follows. You need to select 3 to 5 team members and a team leader. Team leaders can register their teams with Johnny Thekkeparambil, Sabu Mutholam or Jojo Perumanathettu.

**When:** Sunday, January 2nd 2011 11.30 AM – 1.30 PM

**Where:** Sacred Heart Knanaya Church

**Group 1:** Beginners (Elementary) (Grade 1-4)

Bible Topic: Gospel St. Luke Chapter 1 to 5

**Group 2:** Middle School (Grade 5-8)

Bible Topic – Gospel: St. Mathew Chapter 1 to 5

**Group 3:** High School (Grade 9 and up)

Bible Topic – Gospel St. John Chapter 1 to 5

**Quiz Coordinator:** Jojo Perumanathettu

**Quiz Moderators:** Thomman Puthenpurayil, Shawn Thekkeparambil, Jobin Aikaraparambil

**Score Monitoring:** Neethu Ellumkayil, Chinnu Vachachira, Chinnu Elavunkal

# BISHOP'S VISIT TO SACRED HEART CHURCH ON JANUARY 23RD



Bishop Mar Jacob Angadiath will visit Sacred Heart Church in Maywood on Sunday, January 23rd with the following schedule:

10:00 A.M. Holy Mass by the Bishop followed by parish level inauguration of the Tenth Anniversary of the diocese.

11:40 A.M. Meeting and lunch with First Communion Students and their parents after the Holy Mass.

**ഷിക്കാഗോ സീറോമലബാർ രൂപതയുടെ പത്താമതു വാർഷികത്തിന്റെ ഇടവകതല ഉൽഘാടനം ജനുവരി 23 ഞായറാഴ്ച രാവിലെ 10:00ന് മേവുഡിലെ നമ്മുടെ തിരുഹൃദയ ദൈവാലയത്തിൽ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്തു നിർവ്വഹിക്കുന്നതാണ്.**

# വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക്

നമ്മുടെ കുഞ്ഞുങ്ങൾക്ക് വീട്ടിൽ വച്ച് വിശ്വാസ പരിശീലനം വേണ്ടത്ര നല്കുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കാറില്ല എന്നത് എല്ലാവർക്കും അറിയാവുന്ന സത്യമാണ്. പക്ഷേ, അതിനും അപ്പുറത്ത് ഈ പരിശീലനം നല്കാൻ പല മാതാപിതാക്കളും പര്യാപ്തരല്ല എന്ന യാഥാർത്ഥ്യവുമുണ്ട്. കുട്ടികളുടെ വിശ്വാസകാര്യങ്ങളെ സംബന്ധിച്ച സംശയങ്ങൾക്ക് ഉത്തരം പറയുവാൻ എത്ര മാതാപിതാക്കൾക്ക് സാധിക്കും? റ്റീ.വി., ഇന്റർ നെറ്റ് തുടങ്ങിയ മാധ്യമങ്ങൾ നല്കുന്ന അഭിപ്രായങ്ങളും ഉത്തരങ്ങളും നമ്മുടെ വിശ്വാസത്തോട് പൊരുത്തപ്പെടാത്തവ ആയിരിക്കും. ഇങ്ങനെ പല ശബ്ദങ്ങളുടെ ഇടയിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്നുള്ള സംശയങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്.



**ജോജോ പരുമനത്തോട്ട്**

വിദ്യാലയങ്ങളിൽ കുട്ടികളുടെ വിശ്വാസപരമായ കാര്യങ്ങൾ ചോദിക്കുവാൻ അവസരം ഉണ്ടാകാറില്ല. വീടുകളിൽ സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും അന്തരീക്ഷമുണ്ടെങ്കിൽ ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെടും. പക്ഷേ പലപ്പോഴും ഞാനടക്കം ഈ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ മാതാപിതാക്കൾക്ക് സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയില്ലെങ്കിൽ, കുട്ടികളുടെ വിശ്വാസത്തിന് ഉറപ്പില്ലാതെ പോകും എന്നതിൽ സംശയമില്ല.

നമ്മുടെ വിശ്വാസത്തിന് ആവശ്യമായ ന്യായീകരണം നല്കുവാൻ കത്തോലിക്കരായ നമ്മൾ ബാധ്യസ്ഥരാണ്. കുടുംബത്തിൽ ഇത് സാധിക്കണമെങ്കിൽ മാതാപിതാക്കൾ കത്തോലിക്കാ പ്രബോധനങ്ങളിൽ അറിവുള്ളവരായിരിക്കണം. മാതാപിതാക്കൾ വിശ്വാസ കാര്യങ്ങളെക്കുറിച്ച് ചുറ്റുപാടും ഉയരുന്ന ചോദ്യങ്ങൾ കൂടുതൽ മനസ്സിലാക്കണം. വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുവാൻ കഠിനമായി പരിശ്രമിക്കണം. കുടുംബ കൂട്ടായ്മകളിലും, ഭക്ത സംഘടനകളിലും, പ്രാർത്ഥനാ കൂട്ടായ്മകളിലും ഇതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകണം. വിശ്വാസത്തോടു ബന്ധപ്പെട്ടുള്ള പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ധാരാളമായി വായിക്കേണ്ടതുണ്ട്. നമുക്ക് ആധികാരികമായി സഭയുടെ വിശ്വാസം മനസ്സിലാക്കുവാൻ സഹായകമായ സംശോധനാ ഗ്രന്ഥമുണ്ട്: *കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം* (Catechism of the Catholic Church). www.vatican.va എന്ന വത്തിക്കാന്റെ വെബ്സൈറ്റിൽ ഇതു വായിക്കുവാൻ കഴിയും. ഈ പുസ്തകത്തിന്റെ മലയാളം പരിഭാഷയും ഇന്നു ലഭ്യമാണ്. എല്ലാ കുടുംബങ്ങളിലും ഈ ഗ്രന്ഥത്തിന്റെ ഒരു കോപ്പി ഉണ്ടായിരിക്കുന്നത് വളരെ നല്ലതാണ്.

ചുറ്റുപാടും നടക്കുന്ന സംഭവങ്ങളെ ക്രിസ്തീയ കാഴ്ചപ്പാടിൽ വിലയിരുത്തി മനസ്സിലാക്കുവാൻ മാതാപിതാക്കൾ കുട്ടികളെ സഹായിക്കണം. മാധ്യമങ്ങൾ കുട്ടികളിൽ വലിയ സ്വാധീനം ചെലുത്തുന്നു. മാധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്ന ആശയങ്ങളിലും ചിത്രീകരണങ്ങളിലുമുള്ള ശരിയും തെറ്റും കുട്ടികൾക്ക് മനസ്സിലാക്കികൊടുത്ത് മാധ്യമങ്ങളുടെ വിവേകപൂർണ്ണമായ ഉപയോഗം പഠിപ്പിക്കുവാൻ മാതാപിതാക്കൾ പര്യാപ്തരാകണം.

സുഹൃത്തുക്കൾ കുട്ടികളെ വളരെയധികം സ്വാധീനിക്കുന്നവരാണെന്നതിൽ സംശയമില്ല. സഹപാഠികളെ വേണ്ടവിധം മനസ്സിലാക്കി നല്ല സുഹൃത്തുക്കളെ തെരഞ്ഞെടുക്കുവാൻ മാതാപിതാക്കൾ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശം നല്കേണ്ടതാണ്. കുട്ടികൾ ചേരുന്ന സംഘടനകളും പ്രസ്ഥാനങ്ങളും മാതാപിതാക്കൾ മനസ്സിലാക്കുന്നത് ഉത്തമമായിരിക്കും. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവരും സ്കൂളുകളിൽ അപൂർവ്വമല്ല. ഇതേക്കുറിച്ച് കുട്ടികൾക്ക് സ്നേഹത്തോടെ മുന്നറിയിപ്പു നല്കുകയും അവരുടെ സമ്പർക്കങ്ങളെക്കുറിച്ച് അന്വേഷിക്കുകയും ചെയ്യേണ്ടതാണ്.

കുട്ടികൾ കുടുംബത്തിലെ സമ്പർക്കത്തോടൊപ്പം ക്രൈസ്തവ സമൂഹവുമായി (ഇടവക) ഇടപഴകി ജീവിക്കുന്നത് വിശ്വാസവും ജീവിത ക്രമങ്ങളും മനസ്സിലാക്കുവാൻ സഹായിക്കുന്നു. കുട്ടികളെ ഇടവക സമൂഹത്തിന്റെ ആദ്ധ്യാത്മിക ജീവിതത്തിലും പ്രവർത്തനങ്ങളിലും കഴിയുന്നത്ര പങ്കെടുപ്പിക്കുന്നത് പ്രയോജനകരമായിരിക്കും. അതുപോലെതന്നെ നാട്ടിലുള്ള വല്യപ്പച്ചന്മാരും വല്യമ്മച്ചിമാരുമായി കുട്ടികൾ സമ്പർക്കത്തിലായിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നതും നന്നായിരിക്കും.

വീടുകളിൽ നല്ല പുസ്തകങ്ങളുടെ ഒരു ഗ്രന്ഥശാല ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. കുട്ടികളുടെ പ്രായമനുസരിച്ച് വായിക്കുവാൻ പറ്റിയ പുസ്തകങ്ങൾ ഉണ്ടായിരിക്കുകയും അവ വായിക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും വേണം. വിശുദ്ധന്മാരുടെ ജീവചരിത്രം, സഭാചരിത്രം, ലഘുവായ വിശുദ്ധഗ്രന്ഥ വ്യാഖ്യാനങ്ങൾ, അനുഭവ സാക്ഷ്യങ്ങൾ തുടങ്ങിയവയെല്ലാം ഈ ഗ്രന്ഥശാലയിലുണ്ടാകണം. വി. ഗ്രന്ഥപാരായണം വീടുകളിൽ ദിവസവും നടക്കണം. വായിക്കുന്ന ഭാഗത്തെക്കുറിച്ച് മാതാപിതാക്കൾ ചെറിയൊരു വിശദീകരണവും നല്കണം. കുട്ടികൾ വിശ്വാസ പരിശീലനത്തിൽ മികവു കാട്ടുമ്പോൾ ചെറിയ സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ശരിയായ വിശ്വാസ പരിശീലനം നല്കാൻ ഇന്നത്തെ മാതാപിതാക്കൾ തയ്യാറായാലേ വിശ്വാസ പൈതൃകം കുട്ടികളിൽ വളരുകയുള്ളൂ. നമ്മുടെ പൂർവ്വികരിൽ നിന്ന് ലഭിച്ച ആഴമേറിയ വിശ്വാസ പരിശീലനം നമ്മുടെ കുട്ടികളിലേക്ക് കൈമാറുവാൻ നാം ബാധ്യസ്ഥരാണ്. അതിനാൽ നമ്മുടെ മക്കളുടെ വിശ്വാസ വളർച്ചയ്ക്കായി, ഇടവകയോടും വേദപാഠക്ലാസുകളോടും, കുടുംബ കൂട്ടായ്മകളോടും, പ്രാർത്ഥനാ കൂട്ടായ്മകളോടും, ഭക്തസംഘടനകളോടുംകൂടി യോജിച്ച് പ്രവർത്തിച്ച് നമ്മുടെ കുട്ടികളെ വിശ്വാസ തീക്ഷ്ണത ഉള്ളവരാക്കാം. ഈശോയുടെ തിരുഹൃദയത്തിന്റെ സഹായവും, പരിശുദ്ധ കന്യാമറിയത്തിന്റെയും വിശുദ്ധ യൗസേ

*(Continued on page 6)*

| READINGS & READERS | | വർഷാവസാനം (Year End Holy Mass) | |
|---|---|---|---|
| DEC. 31 | READINGS | SACRED HEART 7:00 P.M. | ST. MARY'S 8:30 P.M. |
| 1ST | Ex. 15:11-21 | Mary Mannathumakil | Jose Manakkattu |
| 2ND | Eph. 1:3-14 | Sheryl Thekkepparambil | Aneesha Valiyaparampil |
| GOSPEL | Lk. 1:46-55 | Mary's Song of Praise—The Magnificat | |

| READINGS & READERS | | വർഷാരംഭം (New Year) | |
|---|---|---|---|
| JAN. 1 | READINGS | SACRED HEART 10:00 A.M. | ST. MARY'S 10:00 A.M. |
| 1ST | Genesis 17:1-14 | Jojo Parumanathettu | Suja Ethithara |
| 2ND | Philip 2:4-11 | Albin Mutholam | Sachin Urumpil |
| GOSPEL | Luke 2:15-21 | He is named Jesus | |

| READINGS & READERS വി. എസ്തപ്പാനോസ് | | | പിറവിക്കാലം (Second Sunday of Nativity) | |
|---|---|---|---|---|
| JAN. 2 | READINGS | S. HEART 10:00 A.M. | READINGS | ST. MARY'S 10:00 A.M. |
| 1ST | Gen 21:1-8 | Bincy Poothurayil | Ex. 2:1-10 | Raju Abraham |
| 2ND | Act. 6:8-10 + 7:54-59 | Dennis Changumoolayil | 2 Tim. 2:16-26 | Sunil Vettathukandathil |
| GOSPEL | Mt. 10:16-22 | Whoever holds out to the end will be saved | Luke 2:21-35 | Presentation of Child Jesus |

| READINGS & READERS | | | ദനഹാക്കാലം (First Sunday of Epiphany) | | |
|---|---|---|---|---|---|
| JAN. 9 | READINGS | S. HEART 10 A.M. | S. HEART 11:40 | ST. MARY'S 10:00 | ST. MARY'S 11:40 |
| 1ST | Exodus 3:1-15 | John Klakil | Nikhil Chakariyamthadathil | Antony Valloor | Allu Kulangara |
| 2ND | 2Tim. 3:10-15 | Marykutty Chemmachel | Anupama Puthenpurayil | Saira Kannampally | Faimy Poothruckayil |
| GOSPEL | Luke 4:14-22a | Jesus' Mission | | | |

*(Continued from page 5)*

പ്പിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും സഭയിലെ വാഴ്ത്തപ്പെട്ടവരുടെയും നമ്മുടെ പൂർവ്വികരുടെയും മദ്ധ്യസ്ഥവും നമുക്ക് ഇതിനായി യാചിക്കാം. വിശ്വാസ പരിശീലനത്തിനായുള്ള ഈ പ്രയത്നത്തിൽ നമുക്ക് ഒന്നായി നമ്മുടെ മക്കളോടൊപ്പം ലക്ഷ്യത്തിലേക്ക് എത്തിച്ചേരാം.

## UPCOMING EVENTS OF 2011

### JANUARY

**23 Sunday:** Parish Level Inauguration of 10th anniversary of the diocese at Maywood by Mar Jacob Angadiath.

### MARCH

**4 Friday:** Syro-Malabar All Souls Day Mass and special prayers for the deceased at 7:00 P.M. at both churches.

**7 Monday:** Ash Monday Penitential Service at both churches at 7:00 P.M.

**26 Saturday:** Religious Education Festival of both schools.

**31 - April 3** (Thursday - Sunday) Annual Retreat at Morton Grove.

### APRIL

**1-3 Friday - Sunday:** Pre-marriage course at Maywood.

**8-10 Friday - Sunday:** Growth Retreat at Maywood.

**17 - 24 Sunday - Sunday:** Holy week.

### MAY

**7 Saturday:** Fundraising Program of St. Mary's Church.

**28 Saturday:** First Communion of St. Mary's at 3:30 P.M.

### JUNE

**3-5 Friday - Sunday:** Feast of The Most Sacred Heart of Jesus at Maywood.

**12 Sunday:** First Communion of Sacred Heart Church at 10:30 A.M.

### AUGUST

**5-7 Friday - Sunday:** Feast of Blessed Virgin Mary at St. Mary's Church, Morton Grove.



## "Capsules of Wisdom and Guidance" Series - 4

# The Seven Habits -Part 2

***Dr. Alex Karukaparambil***

In the previous article, a great book: "The Seven Habits of Highly Effective People" by Dr. Stephen Covey was introduced and a summary of Habit-1 (Be Proactive) was given. This article summarises Habit 2 & 3 of the Seven Habits common to all great people who achieved success in life.

**Habit 2: Begin with the End in mind**

Before you start something, sit down and plan it out. Visualize your final accomplishment, its nature and the process of getting there. Create images and plans in your head first. This visualised plan is called the "First Creation"; the "Second Creation" is the actual accomplishment when you carry out the plan, and its success depends on a well thought-out "First Creation". This habit is based on imagination - the ability to see the potential, to envision the entire accomplishment; both the process and the final outcome; to create with our minds what we cannot see with our eyes at present.

**Habit 3: Do First things first**

Set priorities. Decide which of your goals and values are most important for now. The idea is to have these clearly defined and on a piece of paper. Then determine what steps will best achieve those goals. And just FOCUS all your time and efforts on those steps and goals. Leave the rest for later. As said in an old German proverb: "The main thing is keeping the main thing the main thing."

As you start a New Year, find some time to examine where you are on life's path and where you see it leading. In your secret personal diary, have a list of goals specifically for this year and for your entire life. Refer to your list from time to time (say, every month/every 3 months) and keep track of where you are on life's path.

I wish you all a Happy and Prosperous New Year! What do you want to accomplish this year in your life? What is 2011 set for?



## വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ തിരുന്നാൾ

ജനവരി 9 ഞായറാഴ്ച രാവിലെ 10:00ന് മേവുഡ് തിരുഹൃദയ ദൈവാലയത്തിൽ ആഘോഷിക്കുന്നതാണ്.

കോർഡിനേറ്റർ: ഡോളി പുത്തൻപുരയിൽ

| OFFERINGS | Dec. 19 |
|---|---|
| **ST. MARY'S, MORTON GROVE** | |
| Sunday 10:00 A.M. | 1,868.00 |
| Sunday English Mass | 78.00 |
| Sunday 5:30 P.M. | 201.00 |
| St. Jude Novena | 263.00 |
| Monthly pledge | 8,390.00 |
| Building Fund | 1,260.00 |
| Facility Usage - Food Sale | 30.00 |
| Pen sale - Alter servers | 155.00 |
| **TOTAL ST. MARY'S** | **12,245.00** |
| **SACRED HEART, MAYWOOD** | |
| Regular Mass | 1,844.00 |
| English Mass | 97.00 |
| Guadalupe Offering | 64.64 |
| Guadalupe Feast Donation | 250.00 |
| Kottayam Education Aid | 500.00 |
| Bulletin Advertisement | 300.00 |
| **TOTAL MAYWOOD** | **3,055.64** |
| **AGAPE MOVEMENT** | |
| Morton Grove Store | 60.00 |
| Maywood Store | 50.00 |
| Bulletin Donation | 75.00 |
| Manthra (Death Anniversary) | 153.00 |
| **TOTAL AGAPE** | **338.00** |

YOU INVITE THE GUESTS, WE DO THE REST
Malabar
Catering &Carry-out
Professional with 11 years experience in catering.
Call
WILLIAM GEORGE
911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

LINCOLNWOOD MORTGAGE SERVICES, INC.
4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
For all your Mortgage Services
Please contact: Benny Kuriakose Kanjiraparayil
Phone: 847-583-1245, Cell: 773-983-0497
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals.



The Real Experts in Real Estate...
major
Short Sales!! Foreclosures!! Low interest rates!! It's time to make your dream home a reality.



Majo Kunnassery
Realtor
Majo Kunnassery
708 351 6256 (Cell)
312 226 9969 (Fax)
majo@kunnassery.com
http://realestate.kunnassery.com
Major Enterprises, Inc. 2714 N. Ashland Ave. Chicago, IL 60614

Your Rehab Specialists
Pro-Rehab Services, P.C.
&
Choicecare Home Health, Inc.



Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com
Best Compliments from the Mutholath Family

